# പതിനഞ്ചാം കേരള നിയമസഭ
## മൂന്നാം സമ്മേളനം
## ബഹു സ്പീക്കറുടെ റൂളിംഗ്

06-10-2021

### (5) 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലിലെ ന്യൂനതകൾ

2021 ഒക്ടോബർ 6-ാം തീയതി നിയമനിർമ്മാണകാര്യത്തിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബില്ലിന്റെ അവതരണവേളയിൽ, ധാതുമണൽ നിക്ഷേപത്തിന്റെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് ഏകീകൃത നിയമം കൊണ്ടുവരാനുദ്ദേശിക്കുന്ന ബില്ലാണിതെന്നും തിരുവിതാംകൂർ, കൊച്ചി വിളംബരങ്ങളിലെ പ്രധാനപ്പെട്ട വ്യവസ്ഥകൾ ഉൾപ്പെടുത്തിയാൽ മാത്രമേ ബില്ലിന് ഏകീകൃത സ്വഭാവം കൈവരികയുള്ളൂവെന്നും കേരള അഡാപ്റ്റേഷൻ നിയമത്തിൽ ഈ രണ്ട് വിളംബരങ്ങളും ഉൾപ്പെടാത്തതിനാൽ ഭാവിയിൽ ഇത്തരത്തിലുള്ള വ്യവഹാരമുണ്ടാകാതിരിക്കാൻ ന്യൂനതകൾ പരിഹരിച്ച് സമഗ്രമായൊരു ഏകനിയമം കൊണ്ടുവരണമെന്നും പ്രതിപക്ഷത്തെ ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ഭരണഘടനയുടെ ആർട്ടിക്കിൾ 294-ൽ കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളിൽ നിക്ഷിപ്തമായിട്ടുള്ള കാര്യങ്ങളെക്കുറിച്ച് കൃത്യമായി വ്യക്തമാക്കിയിട്ടുണ്ടെന്നും തിരുവിതാംകൂർ-കൊച്ചി മേഖലയിലെ ധാതുക്കളെല്ലാം ഗവൺമെന്റിൽ നിക്ഷിപ്തമാണെന്ന് സുപ്രീംകോടതിയും ആധികാരികമായി വ്യക്തമാക്കിയിട്ടുണ്ടെന്നും എന്നാൽ മലബാർ മേഖലയിൽ ബന്ധപ്പെട്ട ഉടമസ്ഥനാണ് അവകാശമെന്നും ഓർഡിനൻസ് പ്രകാരം വീണ്ടും നിയമനിർമ്മാണം നടത്തണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടെന്നും ആയതിനാൽ ബിൽ ഭരണഘടനാവിരുദ്ധമല്ലെന്നും നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി +.

"ഈ വിഷയത്തിൽ ഇനിയും വ്യക്തത വരുത്തേണ്ട കാര്യങ്ങൾ അവശേഷിക്കുന്നുണ്ടെങ്കിൽ അവ സബ്ജക്ട് കമ്മിറ്റിയിലോ, വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിലോ പരിഹരിക്കപ്പെടാൻ കഴിയുമെന്നതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ”